# Malayala Manorama

# 19 August 2018

# Thodupuzha, Idukki Dam, Shutters Closed



## ഇടുക്കി അണക്കെട്ടിലെ രണ്ടു ഷട്ടറുകൾ താഴ്ത്തി

തൊടുപുഴ ● ഇടുക്കിഅണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നു. ഇന്നലെ സന്ധ്യയ്ക്ക് ആറിനുള്ള കണക്കുപ്രകാരം 2401.94 അടിയാണു ജലനിരപ്പ്. 2403 അടിയാണു പരമാവധി സംഭരണശേഷി.

ഇടുക്കി പദ്ധതിയുടെ ഭാഗമായ ചെറുതോണി അണക്കെട്ടിലെ അഞ്ചു ഷട്ടറുകളിൽ രണ്ടെണ്ണം താഴ്ത്തി, ജലമൊഴുക്കൽ നിർത്തി. മൂന്നു ഷട്ടറുകൾ തുറന്നിരിക്കുന്നു.സെക്കൻഡിൽ 1.012 ലക്ഷം ലീറ്റർ വെള്ളമാണ് അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്നത്. മൂന്നു ഷട്ടറുകളിലൂടെ സെക്കൻഡിൽ 1.15 ലക്ഷം ലീറ്റർ വെള്ളമാണു പുറത്തേക്കൊഴുക്കുന്നത്.

ഇന്നലെ രാവിലെ ഏഴുമണിക്ക് അവസാനിച്ച 24 മണിക്കൂറിൽ ഇടുക്കി അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്തു 100.4 മില്ലിമീറ്റർ മഴ ലഭിച്ചു.